## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 811          08.03.2012 - ലെ മറുപടി

## കുത്താമ്പുള്ളി - കോയമ്പത്തൂർ ബസ് സർവ്വീസ്

ചോദ്യം                                              ഉത്തരം

ശ്രീ. കെ. രാധാകൃഷ്ണൻ                     ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല - കുത്താമ്പുള്ളിയിൽ നിന്നും ദിനംപ്രതി കോയമ്പത്തൂർക്ക് വാണിജ്യാവശ്യങ്ങൾക്കായി പോയിവരുന്ന യാത്രക്കാരുടെ സൗകര്യാർത്ഥം ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുവാനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സർക്കാർ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | തമിഴ്നാട് സർക്കാരുമായി നിലവിലുള്ള കരാറിൽ കോയമ്പത്തൂർക്ക് ഇപ്പോഴുള്ളതിന് പുറമെ പുതിയ സർവ്വീസ് ആരംഭിക്കുന്നതിന് വ്യവസ്ഥ ഇല്ലാത്തതിനാൽ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കേരള - തമിഴ്നാട് അന്തർസംസ്ഥാന ബസ് പെർമിറ്റ് പുതുതായി അനുവദിക്കുന്ന മുറയ്ക്ക് കുത്താമ്പുള്ളി - കോയമ്പത്തൂർ ബസ് സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന മുൻസർക്കാരിന്റെ വാഗ്ദാനം നടപ്പിലാക്കുമോ? | (സി) | തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർസംസ്ഥാന സപ്ലിമെന്ററി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുണ്ട്. ഇത് സംബന്ധമായ പ്രാരംഭചർച്ചകൾ തുടങ്ങിയിട്ടേയുള്ളു. മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് നേരെയുണ്ടായ ആക്രമണങ്ങളെ തുടർന്ന് ചർച്ച മുന്നോട്ടു കൊണ്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും വരും ദിവസങ്ങളിൽ തുടർ ചർച്ചകൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചർച്ചയിലൂടെ മാത്രമെ ഏതൊക്കെ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുവാൻ കഴിയുമെന്ന കാര്യം അറിയുകയുള്ളൂ. ആയതിനാൽ പുതിയ അന്തർസംസ്ഥാന സർവ്വീസുകൾ സംബന്ധിച്ച ഉറപ്പുകൾ ഒന്നുംതന്നെ ഇപ്പോൾ നൽകുവാൻ കഴിയുകയില്ല. |

K. Dominic

സെക്ഷൻ ഓഫീസർ